കോളനികളിൽ വൈദ്യുതി എത്തിക്കണം

നെല്ലിമാളം: വേങ്ങച്ചോല, ഇടിഞ്ഞകൊല്ലി ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കണമെന്ന് എ.ഐ.വൈ.എഫ്.യൂണിറ്റ് കൺവൻഷൻ ആവശ്യപ്പെട്ടു. സി.പി.ഐ.ലോക്കൽ സെക്രട്ടറി കെ.രമേശൻ ഉദ്ഘാടനം ചെയ്തു.

പി.ആർ.കൃഷ്ണൻകുട്ടി, എ.രാജൻ, പി.ഗോപാലൻ, എ.പി.ബാലൻ, പി.ജി.ബാലകൃഷ്ണൻ, കെ.പ്രവീൺ, വി.സന്തോഷ്, വി.എ.സതീഷ്, പി.ജി.രാജേന്ദ്രൻ, കെ.സന്തോഷ് എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: പി.ജി.ബാലകൃഷ്ണൻ(പ്രസി), എൻ.സന്തോഷ്(വൈസ് പ്രസി), കെ.പ്രവീൺ (സെക്ര), വി.എ.സതീഷ്(ജോ.സെക്ര), എം.ഗിരീഷ്(ട്രഷറർ).

സുഗന്ധഗിരി പാക്കേജ് നടപ്പാക്കണം

പൊഴുതന: സുഗന്ധഗിരിയിലെ ആദിവാസികൾക്കായി രൂപം നൽകിയ പാക്കേജ് ഉടൻ നടപ്പാക്കണമെന്ന് മണ്ഡലം കോൺഗ്രസ് കമ്മിറ്റി ആവശ്യപ്പെട്ടു. റോഡ്, വൈദ്യുതി, കൃഷി പുനരുദ്ധാരണം എന്നിവയൊന്നും നടന്നിട്ടില്ലെന്ന് കമ്മിറ്റി വിലയിരുത്തി.

കെ.ജെ.ജോൺ അധ്യക്ഷനായിരുന്നു. ഡി.സി.സി.ജനറൽ സെക്രട്ടറി എ.പി.ശ്രീകുമാർ, കെ.അബൂബക്കർ, കെ.നജ്മുദ്ദീൻ, എം.എം.ജോസ്, മണികണ്ഠൻ, എൽസി കുര്യൻ, എ.പി.ഭാസ്കരൻ, ഷുക്കൂർ പാലശേരി, എ.ശിവദാസൻ, കെ.പി.സെയ്ത്, പി.കെ.ചാക്കോ, സിബി ചാക്കോ, എ.എം.ചെല്ലമൊയ്തീൻ, ശശി, സുന്ദർരാജ്, ദൊരസാമി എന്നിവർ പ്രസംഗിച്ചു.

ക്രമക്കേട് അന്വേഷിക്കണം

തൃക്കൈപ്പറ്റ: പ്രീ മെട്രിക് ഹോസ്റ്റലിൽ നടന്ന ക്രമക്കേടുകളെ കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ബി.ജെ.പി.പഞ്ചായത്ത് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് ആരോട് രാമചന്ദ്രൻ അധ്യക്ഷനായിരുന്നു. കെ.വിശ്വനാഥൻ, കെ.രവീന്ദ്രൻ, കെ.കേളു, കെ.കുഞ്ഞിരാമൻ, പി.കെ.ഹരീഷ്, എ.ടി.ഗിരീഷ്, ടി.സി.ബാലകൃഷ്ണൻ, കെ.ബാബു, കെ.സുരേഷ്ബാബു എന്നിവർ പ്രസംഗിച്ചു.

വാഹന പെർമിറ്റ് ഫീസ് രണ്ടിരട്ടി

കൽപറ്റ: മോട്ടോർ വാഹനങ്ങളുടെ പെർമിറ്റ് പുതുക്കാനും ട്രാൻസ്ഫർ ചെയ്യാനും നൂറു രൂപയ്ക്ക് പകരം അഞ്ഞൂറ് രൂപ ഈടാക്കാനുള്ള നിർദേശം ആർ.ടി.ഒ ഓഫിസിൽ എത്തിയിരിക്കുകയാണെന്നും ഇതു മൂലം സാധാരണക്കാരായ മോട്ടോർ ജീവനക്കാർ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടിലായിരിക്കുകയാണെന്നും പരാതി.

ഈ തീരുമാനങ്ങളിൽ നിന്ന് അധികൃതർ പിൻമാറണമെന്ന് കേരള മോട്ടോർ എംപ്ലോയീസ് അസോസിയേഷൻ വൈത്തിരി താലൂക്ക് കമ്മിറ്റി ആവശ്യപ്പെട്ടു. പ്രസിഡന്റ് ഒ. ബാബു അധ്യക്ഷത വഹിച്ചു. ഡി.സി.സി. ജനറൽ സെക്രട്ടറി പി.പി. ആലി, പി.കെ. കുഞ്ഞിമൊയ്തീൻ, ഗിരീഷ് കൽപറ്റ, വി. കുട്ടിമാൻ, സി. ശിവാനന്ദൻ, സാദിഖ് ചൂണ്ടേൽ, ഡോ. രാജൻ, സുധീഷ്, അപ്പച്ചൻ വൈത്തിരി എന്നിവർ പ്രസംഗിച്ചു.

കൊതുകു നിവാരണം: മരുന്നു തളിച്ചു

കൽപറ്റ: നവോദയാ സ്വാശ്രയ സംഘം മാൻകുന്ന് കോളനിയിലും, അംഗൻവാടി പരിസര പ്രദേശങ്ങളിലും ചിക്കുൻ ഗുനിയക്കെതിരെ ബോധവൽകരണ പരിപാടിയും, കൊതുക് നിവാരണത്തിനായി മരുന്ന് തളിക്കലും നടത്തി. ടി.പി. ജയചന്ദ്രനും, പി.സി. ശ്രീധരനും നേതൃത്വം നൽകി.

കുരുമുളക് കൃഷി പുനരുദ്ധാരണം: ആനുകൂല്യത്തിന് കടമ്പകളേറെ

സബ്സിഡി പണമായി നൽകാൻ തീരുമാനിച്ചതോടെ നടപടിക്രമങ്ങൾ സങ്കീർണമായി

കൽപറ്റ: ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമുളക് കൃഷി പുനരുദ്ധാരണത്തിന് ആനുകൂല്യം ലഭിക്കാൻ കടമ്പകളേറെ. സബ്സിഡി പണമായി നൽകാൻ തീരുമാനിച്ചതോടെയാണ് നടപടിക്രമങ്ങൾ സങ്കീർണമാക്കിയത്.

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, കുരുമുളക് വികസന സമിതി പ്രതിനിധി, അഗ്രോ ക്ലിനിക് കമ്മിറ്റി അംഗം എന്നിവർ ഉൾപ്പെട്ട സമിതി കൃഷിയിടം പരിശോധിക്കണം.

പുതുതായി നട്ട കുരുമുളക് തൈകൾ ഒന്നരയടി വളർന്നിട്ടുണ്ടെന്ന് ഈ സമിതി റിപ്പോർട്ട് നൽകിയാലെ ആനുകൂല്യത്തിന്റെ പകുതി തുക ഒരു മാസത്തിനിടെ ലഭിക്കൂ.

പഞ്ചായത്ത്തല സമിതി കണ്ടെ കൃഷിയിടത്തിൽ പലതും ബ്ലോക്ക്തല കമ്മിറ്റിയും പരിശോധിക്കണം. ഇതിൽ പത്തിലൊന്ന് ഭാഗം ജില്ലാപഞ്ചായത്ത്തല കമ്മിറ്റിയും നോക്കണം. ഏതാണ്ടെല്ലാ ദിവസങ്ങളിലും നിരവധി പരിപാടികൾ ഉള്ളവരാണ് ജനപ്രതിനിധികളെല്ലാവരും.

ഇവർ കൃഷിയിടങ്ങൾ നേരിൽ പരിശോധിക്കേണ്ടതിനാൽ റിപ്പോർട്ട് കിട്ടാൻ വൈകിയെന്ന് വരും. ഫലത്തിൽ കർഷകന് സമയത്ത് ആനുകൂല്യം ലഭിക്കില്ല.

സബ്സിഡി തുക വളമായി നൽകാൻ ഈ കടമ്പകളൊന്നും ഉണ്ടായിരുന്നില്ല. സ്വന്തം കൃഷിയിടത്തിൽ കുരുമുളക് തൈ നടാതെ പണം വാങ്ങി കബളിപ്പിക്കുമെന്ന തെറ്റിദ്ധാരണയാണിതിന് കാരണമെന്ന് കൃഷിക്കാർ പരാതിപ്പെടുന്നു.

ഹോൾട്ടിക്കൾച്ചർ മിഷനിൽ കുരുമുളക് പുനരുദ്ധാരണത്തിന്റെ സബ്സിഡി ലഭിക്കാൻ നിശ്ചയിച്ചിട്ടുള്ള ഇത്തരം അപ്രായോഗിക നിബന്ധനകൾ പിൻവലിക്കണമെന്ന് കർഷക സംഘം കൽപറ്റ മുനിസിപ്പൽ കൺവൻഷൻ ആവശ്യപ്പെട്ടു. ജനപ്രതിനിധികളുടെ വിശ്വാസ്യത പോലും ചോദ്യം ചെയ്യുന്ന ഇത്തരം നിബന്ധനകൾ അംഗീകരിക്കാനാവില്ലെന്നും കൺവൻഷൻ പ്രസ്താവിച്ചു.

സി.കെ.ശിവരാമൻ അധ്യക്ഷനായിരുന്നു. കല്ലങ്കോടൻ അബ്ദുറഹ്മാൻ, ടി.എസ്.സുന്ദരം, മാട്ടിൽ അലവി എന്നിവർ പ്രസംഗിച്ചു.

കെ.എസ്.കെ.ടി.യു. കൽപറ്റ മുനിസിപ്പൽ സമ്മേളനം ജില്ലാ പ്രസിഡന്റ് വി.പി. ശങ്കരൻ നമ്പ്യാർ ഉദ്ഘാടനം ചെയ്യുന്നു.

ഹൈക്കോടതി ബഞ്ച് കോഴിക്കോട് വേണം

കൽപറ്റ: ഹൈക്കോടതി ബഞ്ച് കോഴിക്കോട് സ്ഥാപിക്കണമെന്നും സാധാരണക്കാരായ വ്യവഹാരികളെ സാമ്പത്തിക നഷ്ടത്തിലേക്കും സമയ നഷ്ടത്തിലേക്കും, തള്ളിവിടാൻ കാരണമാകുന്ന ഹൈക്കോടതി തിരുവനന്തപുരം ബെഞ്ച് എന്ന ആശയം സർക്കാർ ഉപേക്ഷിക്കണമെന്നും വയനാട്ടിലെ അഭിഭാഷക കൂട്ടായ്മ സർക്കാരിനോട് ആവശ്യപ്പെട്ടു.

കൽപറ്റ ബാർ അസോസിയേഷന്റെ നേതൃത്വത്തിൽ അഡ്വ. എം.സി.എം.ജമാൽ അധ്യക്ഷത വഹിച്ചു.

അഡ്വ. പി. കുമാരൻ കുട്ടി ഉദ്ഘാടനം ചെയ്തു. അഭിഭാഷകരായ മാത്യു കുട്ടിക്കാന, ടി.ജെ ആന്റണി, വി.പി. എൽദോ, കെ. അബ്ദുറഹ്മാൻ, ടി. മണി, കെ.എം. തോമസ്, ജോളി എന്നിവർ പ്രസംഗിച്ചു.

ജില്ലാ നാടക ക്യാംപ് മീനങ്ങാടിയിൽ

ബത്തേരി: വിദ്യാരംഗം കലാ സാഹിത്യ വേദി വയനാട് ജില്ലാ ലൈബ്രറി കൗൺസിൽ, മീനങ്ങാടിയിലെ എ.കെ.ജി.വായനശാല എന്നിവയുടെ സഹകരണത്തോടെ നവംബർ 11,12 തീയതികളിൽ ജില്ലാ നാടക ക്യാംപ് മീനങ്ങാടിയിൽ നടത്തും.

ക്യാംപ് നടത്തിപ്പിനായി സ്വാഗതസംഘം രൂപീകരിച്ചു. മീനങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ബീന വിജയൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ.പ്രസിഡന്റ് വി.വി.വർഗീസ് അധ്യക്ഷത വഹിച്ചു.

ക്യാംപിൽ ഓരോ ഉപജില്ലയിൽ നിന്നും 20 പേർക്ക് വീതം പങ്കെടുക്കാം. ഉപജില്ലാ കൺവീനർമാർ വശം പേർ മുൻകൂട്ടി രജിസ്റ്റർ ചെയ്യണം.

മണിയങ്കോട്–കമ്പളക്കാട് റോഡ് നന്നാക്കണം

കൽപറ്റ: മുനിസിപ്പാലിറ്റിയിലെ ആനപ്പാലം ജംക്ഷനിൽ നിന്ന് ആരംഭിച്ച് മണിയങ്കോട് വഴി വെങ്ങപ്പള്ളി പഞ്ചായത്തിലെ ഓടമ്പം, കോക്കുഴി, കോട്ടത്തറ പഞ്ചായത്തിലെ പാലപ്പൊയിൽ, കരിങ്കുറ്റി, ആനേരി വഴി കണിയാമ്പറ്റ പഞ്ചായത്തിലെ കമ്പളക്കാട്ടെത്തുന്ന റോഡ് സംരക്ഷണത്തിനായി നാട്ടുകാർ കമ്മിറ്റി ഉണ്ടാക്കി.

കോഴിക്കോട്–മാനന്തവാടി റൂട്ടിൽ വെള്ളാരംകുന്ന് മുതൽ കമ്പളക്കാട് വരെ ഗതാഗത തടസ്സം ഉണ്ടായാൽ ബദൽ റോഡായി ഉപയോഗിക്കാവുന്ന പാതയുമാണിത്. എന്നാൽ വർഷങ്ങളായി ഈ റോഡ് ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നു. ഇത് സംരക്ഷിക്കാനും അറ്റകുറ്റപ്പണികൾ നടത്തി നന്നാക്കുന്നതിന് സമ്മർദം ചെലുത്തുന്നതിനുമാണ് കമ്മിറ്റി.

കെ.ഗണേശൻ(ചെയർ), കെ.സി.വസന്തകുമാർ(വൈ. ചെയർ), കുഞ്ഞിക്യഷ്ണൻ കളരിപ്പൊയിൽ(കൺ), പി.പി.ശശികുമാർ(ജോ.കൺ) എന്നിവരാണ് ഭാരവാഹികൾ. കോക്കുഴി അംഗൻവാടിയിൽ ചേർന്ന യോഗത്തിൽ രവി അധ്യക്ഷത വഹിച്ചു. ജ്യോക്ക് പഞ്ചായത്ത് മെംബർ മേരി ഗണേശൻ, പഞ്ചായത്ത് മെംബർമാരായ മോഹൻദാസ്, ഉണ്ണികൃഷ്ണൻ, സുലോചന വിശ്വനാഥൻ എന്നിവർ പ്രസംഗിച്ചു.

തൊവരി മലയിലെ ശിലാചിത്രങ്ങൾ നാശം നേരിടുന്നു

ബത്തേരി: ബത്തേരിയിൽ നിന്നും ഏഴ് കി.മീ. മാറി തൊവരി മലയിലുള്ള എഴുത്തു പാറയിലെ ആറായിരത്തിലധികം വർഷം പഴക്കമുണ്ടെന്ന് കരുതുന്ന കൊത്തു ചിത്രകലയുടെ ആദിമ മാതൃകകൾ ആരാലും സംരക്ഷിക്കപ്പെടാതെ നശിക്കുന്നു.

ചരിത്രപ്പഴമ ആലേഖനം ചെയ്തിട്ടുള്ള കാലത്തിന്റെ സാക്ഷിയായ പാറയുടെ ഗുഹാമുഖവും പരിസരവും ഇപ്പോൾ സാമൂഹ്യ വിരുദ്ധരുടെ താവളമാണ്. പാറയുടെ പ്രാധാന്യം മനസ്സിലാക്കാതെ ഇവിടെയെത്തുന്നവർ ശിലാചിത്രങ്ങൾ കേട് വരുത്തുന്നതോടൊപ്പം അശ്ലീല ചിത്രങ്ങളും മറ്റും കോറിയിട്ട് നാശപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

എടക്കൽ ഗുഹയിലെ ശിലാ ലിഖിതങ്ങളെപ്പോലെ തന്നെ എഴുത്തു പാറയിലടക്കമുള്ള തൊവരി കൊത്തു ചിത്രങ്ങളും ബി.സി. പതിനായിരത്തിനും നാലായിരത്തിനും ഇടയിലുള്ള നവീന ശിലാ യുഗത്തിലാണ് രചിക്കപ്പെട്ടതെന്ന് കരുതുന്നു. എന്നാൽ എടക്കൽ ഗുഹയിലേതുപോലെ എഴുത്തു പാറയിലെ ചരിത്ര രേഖകളെ സംബന്ധിച്ച് കാര്യമായ പഠനങ്ങൾ ഇതുവരെ നടന്നിട്ടില്ല.

ഹാരിസൺസ് മലയാളം പ്ലാന്റേഷന്റെ അധീനതയിലായിരുന്നു ആദ്യം പാറയിടുക്കുകളും കൊടും കാടും ഉൾപ്പെട്ട ഈ പ്രദേശം. എന്നാൽ ഇപ്പോൾ ഈ സ്ഥലം സർക്കാർ മിച്ച ഭൂമിയായി പ്രഖ്യാപിച്ചിരിക്കുകയാണ്.

പാറയുടെ മുൻ ഭാഗത്ത് താഴെയായി കഷ്ടിച്ച് ഒരാൾക്ക് മാത്രം നൂഴ്ന്ന് കയറാവുന്ന ഗുഹാമുഖമാണ്. ഉൾ ഭാഗത്ത് മൂന്നോനാലോ പേർക്ക് കിടക്കാനുള്ള സൗകര്യവുമുണ്ട്. ഗുഹയുടെ മേൽത്തട്ടിൽ നിൽക്കുന്ന പാറയുടെ അടി ഭാഗത്താണ് കൊത്തു ചിത്രങ്ങൾ ഏറെയുള്ളത്. മണ്ണടിഞ്ഞ് കുറേ ഭാഗം നികന്നു പോയതിനാൽ മണ്ണിനടിയിലേക്കും ചരിത്ര രേഖകൾ ഉണ്ടെന്ന് വേണം കരുതാൻ.

ഏതോ അതി പുരാതന രാജ വംശമോ, പ്രാചീന ഗോത്ര വർഗ തലവൻമാരോ ഒരു പ്രദേശത്തെയൊന്നാകെ അധീനതയിലാക്കി ഇവിടെ ജീവിച്ചിരുന്നു എന്നും അനുമാനിക്കാം.

പാറയുടെ വടക്കു ഭാഗത്ത് മുകളിലായി ഒരാൾക്ക് ഇരുന്ന് അടിവാരം മുഴുവൻ വീക്ഷിക്കാവുന്ന രീതിയിൽ കസേരയുടെ രൂപത്തിൽ കൊത്തിയെടുത്തിട്ടുണ്ട്. കാട്ടുമൃഗങ്ങളെയും മറ്റു ശത്രുക്കളെയും ഭയക്കാതെ ഇവിടെ കഴിയാമെന്ന് സാരം. ചെങ്കുത്തായ പ്രദേശത്തിന്റെ ഏതാണ്ട് മുകളിലായാണ് പാറയുള്ളത്.

തൊവരി മലയും എടക്കൽ ഗുഹയും തമ്മിൽ ഉദ്ദേശം അഞ്ച് കി.മീ. ദൂരമാണുള്ളത്. എഴുത്തു പാറയുടെ മുകളിൽ കയറിയാൽ എടക്കൽ ഗുഹയുൾപ്പെടുന്ന അമ്പുകുത്തി മല വ്യക്തമായി കാണാം.

കോളിയാടി പാലാക്കുനി വഴിയും മലവയൽ കുന്താണി വഴിയും നെന്മേനി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ പാറയിലെത്താം. ഇങ്ങോട്ടുള്ള യാത്ര ദുഷ്കരമായതിനാൽ വിനോദ സഞ്ചാരികൾ ഇങ്ങോട്ടെത്താറില്ല. പാറ പുരാവസ്തു വകുപ്പ് എത്രയും വേഗം ഏറ്റെടുത്ത് സംരക്ഷണമേർപ്പെടുത്തുന്നതോടൊപ്പം സുഗമമായി എത്താനുള്ള വഴി സൗകര്യമൊരുക്കണമെന്ന് മലയടിവാരത്ത് താമസിക്കുന്ന എൻ.എം. ജോസ് പറഞ്ഞു.

ഗുഹാമുഖത്തോടു ചേർന്ന് എഴുത്തു പാറയിൽ കോറിയിട്ട ചിത്രങ്ങൾ.

അല്ലാത്ത പക്ഷം ഒരു പ്രാചീന ചരിത്ര സംസ്കാരത്തിന്റെ ശേഷിപ്പുകൾ വരച്ചു കാട്ടുന്ന ചിത്രങ്ങളും ചിഹ്നങ്ങളും മാന്ത്രിക ചതുരങ്ങളും ത്രികോണങ്ങളുമെല്ലാം അകാലത്തിൽ തന്നെ നശിച്ചു പോകാനാണ് സാധ്യത.

എടക്കൽ ശിലാ ചിത്രങ്ങൾ കൊത്താൻ ഉപയോഗിച്ചതിനേക്കാൾ കൂർത്ത് നേർത്തതും സൂക്ഷ്മവുമായ കല്ലുളികൾ കൊണ്ടാണ് തൊവരി ചിത്രങ്ങൾ കോറിയിട്ടുള്ളതെന്ന് ചരിത്ര പണ്ഡിതൻ ഡോ. രാഘവ വാരിയർ അഭിപ്രായപ്പെടുന്നു.

തിരുവനന്തപുരത്തിനടുത്തുള്ള പാണ്ഡവ ഗുഹയിൽ തൊവരി ചിത്രങ്ങളോട് സാമ്യമുള്ള ആലേഖനങ്ങളുണ്ടെന്ന് ഡോ. എൻ.എം. നമ്പൂതിരിയും ചൂണ്ടിക്കാട്ടുന്നു.

കേരളപ്പിറവി ദിനത്തിൽ കർഷക രക്തസാക്ഷി ദിനാചരണം

കൽപറ്റ: കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് ഇൻഫാം ജില്ലാ കമ്മിറ്റി കർഷക രക്തസാക്ഷി ദിനാചരണവും കലക്ടറേറ്റ് പടിക്കൽ ധർണയും നടത്തും.

കൃഷിക്കാരുടെ വോട്ട് നേടി അധികാരത്തിലെത്തിയ ഇടതു മുന്നണി സർക്കാർ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ കാറ്റിൽപ്പറത്തുകയാണ്.

കാർഷിക പാക്കേജിൽ നീക്കിവച്ച 140 കോടിയിൽ 78 കോടി രൂപ ഇനിയും വയനാടിന് അനുവദിച്ചിട്ടില്ല. കടാശ്വാസ കമ്മിഷൻ രൂപീകരണത്തിന്റെ മറവിൽ കൃഷിക്കാരെ കബളിപ്പിക്കുകയാണ്.

പ്രസിഡന്റ് എം.സുരേന്ദ്രൻ അധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ.ബാബു മാപ്പശേരി, ബേബി ജെയിംസ്, കെ.ഡി.സ്റ്റാനി, മാത്യു തുറുവേലിക്കുന്നേൽ, കെ.കുമാരൻ, ജോച്ചൻ തോമസ്, കുഞ്ഞിരാമൻ നായർ എന്നിവർ പ്രസംഗിച്ചു.

കർഷക വിപണി വളക്കട തുടങ്ങി

മാനന്തവാടി: വെള്ളമുണ്ട സ്വാശ്രയ കർഷക വിപണിയുടെ നേതൃത്വത്തിൽ രാസവളം കീടനാശിനി കടയുടെ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എ.എൻ. പ്രഭാകരൻ നിർവഹിച്ചു. സണ്ണി ജോൺ, ഫ്രാൻസിസ്, ജോസ് പീച്ചാട്ട്, സി.വി. ശശിധരൻ എന്നിവർ പ്രസംഗിച്ചു.

ഓർഫനേജ് കെട്ടിടം ഉദ്ഘാടനം ചെയ്തു

കടൽമാട്: ഇന്ത്യാ റിവൈവൽ അസംബ്ലിയുടെ നേതൃത്വത്തിൽ മേപ്പാടിയിൽ പ്രവർത്തിക്കുന്ന ഗ്രെയ്സ് ഭവൻ ഓർഫനേജ് കെട്ടിടം പഞ്ചായത്ത് മെംബർ മിനിജ സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

ഐ.ആർ.എ.ഡയറക്ടർ മാത്യൂസ് ഇട്ടി അധ്യക്ഷത വഹിച്ചു. ബീന അബു, പാസ്റ്റർ പി.സി.ജേക്കബ്, ഏലിയാമ്മ ജോസഫ്, അയൂബ് കടൽമാട്, പാസ്റ്റർ കെ.ജെ.ജോബ്, കുര്യൻ എന്നിവർ പ്രസംഗിച്ചു.

വഴി വിളക്കുകൾ കത്തിക്കണം

മേപ്പാടി: പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കത്താത്ത വഴി വിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കുന്നമംഗലം വയൽ ഗ്രാമദീപം വായനശാല പ്രവർത്തക യോഗം ആവശ്യപ്പെട്ടു.

കെ.പി. ഹൈദർ ആലി അധ്യക്ഷത വഹിച്ചു. എം. സാദിഖ്, പി.പി. മുജീബ്, വി.എം. ജോഷി, സി. സലാഹുദ്ദീൻ എന്നിവർ പ്രസംഗിച്ചു.

മൗലികാവകാശം നിഷേധിക്കുന്നു

കൽപറ്റ: മരം കൊള്ള തടയാനെന്ന പേരിൽ എൽ.ഡി.എഫ്.സർക്കാർ കൊണ്ടുവന്ന ഒഡിനൻസ് കർഷകന്റെ മൗലികാവകാശം നിഷേധിക്കലാണെന്ന് ഹരിത സേന ഡയറക്ടർ അബ്രഹാം ബെൻഹർ കുറ്റപ്പെടുത്തി.

കൃഷിക്കാരൻ നട്ടുനനച്ച് വർത്തിയ മരങ്ങൾ വെട്ടാൻ പാടില്ലെന്ന നിയമം വിളവെടുക്കാനുള്ള അവകാശം നിഷേധിക്കുന്നതിന് തുല്യമാണ്.

മരം വിൽക്കാനുള്ള കർഷകന്റെ സ്വാതന്ത്ര്യം നിഷേധിക്കുന്നത് അനീതിയും ക്രൂരതയുമാണെന്ന് അബ്രഹാം ബെൻഹർ അഭിപ്രായപ്പെട്ടു.

വീട്ടമ്മയെ ആക്രമിച്ച പ്രതികൾക്ക് പിഴ

മാനന്തവാടി: വെള്ളമുണ്ട എടപ്പനാൽ കോക്കടവ് ശാന്താമന്ദിരത്തിൽ സരസ്വതി നേത്യാറെ(44) വീട്ടിൽ കയറി ആക്രമിച്ച കേസിൽ മൂന്ന് പ്രതികൾ 500 രൂപ വീതം പിഴയടക്കാൻ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് പ്രദീപ് കുമാർ ശിക്ഷിച്ചു.

അന്ത്രു കാട്ടിപ്പറത്തി, തോലക്കണ്ടി ഇബ്രാഹീം, പേരാക്കണ്ടി മൊയ്തു എന്നിവരാണ് പ്രതികൾ. 2004 ഏപ്രിൽ 18നായിരുന്നു കേസിനാസ്പദമായ സംഭവം നടന്നത്.

പരിഷത്തിന്റെ ബോധവൽകരണം

മാനന്തവാടി: പകർച്ച വ്യാധികൾക്കും ജീവിത ശൈലി രോഗങ്ങൾക്കെതിരെ ശാസ്ത്രസാഹിത്യ പരിഷത്ത് നടത്തുന്ന ബോധവൽകരണ പരിപാടിയുടെ ഉദ്ഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.എം. വർക്കി നിർവഹിച്ചു.

ജീവിത ശൈലിയും ആരോഗ്യവുമെന്ന ലഘുലേഖ ഡോ. ടി.പി. സുരേഷ് കുമാർ ഗിരിജീ കൃഷ്ണന് നൽകി പ്രകാശനം ചെയ്തു.

ഡോ. രാധാകൃഷ്ണൻ, പി. സുരേഷ് ബാബു, ടി.പി. സന്തോഷ്, കെ.വി. രാജു എന്നിവർ പ്രസംഗിച്ചു.

തൊഴിലുറപ്പ് അട്ടിമറിക്കാൻ അനുവദിക്കില്ല: യൂത്ത് കോൺ.

കൽപറ്റ: കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ തൊഴിലുറപ്പ് നിയമം അട്ടിമറിക്കാനുള്ള കേരള സർക്കാരിന്റെ നീക്കം ചെറുത്തു തോൽപ്പിക്കാൻ യൂത്ത് കോൺഗ്രസ്–ഐ ജില്ലാ കമ്മിറ്റി തീരുമാനിച്ചു.

പദ്ധതി കേരള സർക്കാരിന്റേതാണെന്ന് തെറ്റിദ്ധരിപ്പിക്കാനുള്ള നടപടി ഉപേക്ഷിക്കണം.

ഇതിനെതിരെ ജില്ലയിൽ യൂത്ത് കോൺഗ്രസ് പ്രചാരണ പരിപാടികൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി നവംബർ രണ്ടാം വാരം കേന്ദ്ര തൊഴിൽ മന്ത്രിയെ പങ്കെടുപ്പിച്ച് ദേശീയ തൊഴിൽ ഉറപ്പ് നിയമത്തെക്കുറിച്ച് ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കും.

ഈ പദ്ധതിയുടെ പേരിൽ നടക്കുന്ന അഴിമതികൾ പൊതുജന സമക്ഷം കൊണ്ടുവരുന്നതിന് പഞ്ചായത്തുകൾ തോറും വിദഗ്ധരെ ഉൾപ്പെടുത്തി വിജിലൻസ് ആൻഡ് മോണിറ്ററിങ് സമിതികൾ രൂപവൽകരിക്കും.

പ്രസിഡന്റ് എം.ജി.ബിജു അധ്യക്ഷത വഹിച്ചു. അഡ്വ.ശ്രീകാന്ത് പട്ടയൻ, നിസി അഹമ്മദ്, പി.കെ.ഷൈബി, ബൈജു ചാക്കോ, സലീം, ബിനു തോമസ്, ബിജു ജോൺ, രാജു, സുരേഷ് ബാബു, അനിൽ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ജില്ലാ യൂത്ത് കോൺഗ്രസ്–ഐ നേതൃയോഗം നവംബർ രണ്ടിന് രണ്ട് മണിക്ക് ഡിസി.സി ഓഫിസിൽ ചേരുമെന്ന് പ്രസിഡന്റ് അറിയിച്ചു.



അര നൂറ്റാണ്ടിൽ ഒരേയൊരാൾ

50 വർഷത്തിനിടെ മലയാളികളുടെ ജീവിതത്തെ ഏറ്റവുമധികം സ്വാധീനിച്ച വ്യക്തി ?

ഒരായിരം പേരുകളിൽനിന്ന് പ്രമുഖർ തിരഞ്ഞെടുത്ത ഒരേയൊരാൾ.
കേരളത്തിന്റെ സ്വപ്നമന്ത്രിസഭയിൽ ആരൊക്കെ?
നമ്മൾക്കു പറ്റിയ 10 മണ്ടത്തരങ്ങൾ

മലയാളികളുടെ ജീവിതത്തെ മാറ്റി മറിച്ച 10 വ്യക്തികൾ, 10 സംഭവങ്ങൾ

സുവർണ കേരളം
മലയാള മനോരമ
കേരളപ്പിറവി 50–ാം വാർഷിക സ്പെഷൽ 2006 നവംബർ 1

നവംബർ ഒന്നിന്
മലയാള മനോരമയോടൊപ്പം
48 പേജുള്ള ബുക്ക്ലെറ്റ് സൗജന്യം

കാത്തിരിക്കുക !
നവംബർ ഒന്നു വരെ !

മാധവൻ നായർ സ്മാരക എൻഡോവ്മെന്റിന് അപേക്ഷിക്കാം

കൽപറ്റ: സാമൂഹിക പ്രവർത്തകനും പത്ര പ്രവർത്തകനുമായിരുന്ന എൻ.മാധവൻ നായർ സ്മാരക എൻഡോവ്മെന്റിന് കഴിഞ്ഞ മാർച്ചിലെ എസ്.എസ്.എൽ.സി.പരീക്ഷ പാസായി ഉപരി പഠനം നടത്തുന്ന ആദിവാസി വിദ്യാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

സാമൂഹിക–സാമ്പത്തിക പിന്നോക്കാവസ്ഥയാണ് മുഖ്യ പരിഗണന. പ്രാകൃത ഗോത്ര വർഗത്തിൽപ്പെട്ടവർക്ക് മുൻഗണനയുണ്ട്.

സെക്രട്ടറി, എൻ.മാധവൻ നായർ അനുസ്മരണ സമിതി, വയനാട് പ്രസ് ക്ലബ് , കൽപറ്റ എന്ന വിലാസത്തിൽ നവംബർ ഏഴിന് മുൻപ് മാർക്ക് ലിസ്റ്റിന്റെ കോപ്പി സഹിതം അപേക്ഷിക്കണം.

സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പ് തുടങ്ങി

കൽപറ്റ: ജില്ലാ സീനിയർ ത്രോബോൾ ചാംപ്യൻഷിപ്പ് മേപ്പാടി സെന്റ്ജോസഫ്സ്യു.പി.സ്കൂൾ ഗ്രൗണ്ടിൽ ആരംഭിച്ചു. ഉദ്ഘാടന മത്സരത്തിൽ റോയൽ സ്പോർട്ടിങ്, കോട്ടനാട് മാനന്തവാടി ഗവ.ഹയർസെക്കൻഡറി സ്കൂൾ ടീമിനെ തോൽപ്പിച്ചു. കെ.എൽ.തോമസ് ഉദ്ഘാടനം ചെയ്തു. ടോണിഫിലിപ് അധ്യക്ഷനായിരുന്നു. ടി.ഹംസ കോട്ടനാട് പ്രസംഗിച്ചു.

ഗണപതിക്ഷേത്രം ഏറ്റെടുക്കുന്ന നടപടിയിൽ പ്രതിഷേധിച്ചു

ബത്തേരി: ഗണപതിക്